(ബി) എ. എ. സെയ്തു മുഹമ്മദ് റോഡ് എന്ന പേരിൽ വൈപ്പിൻ-മുനമ്പം റോഡിലെ 15/500 കി. മീറ്ററിൽ ആരംഭിച്ച് കടപ്പുറത്ത് അവസാനിക്കുന്ന വി.പി. റോഡിന്റെ സമാന്തര റോഡിനായുള്ള 75 ലക്ഷത്തിന്റെ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ ഈ പണികൾ ഉൾപ്പെട്ടിട്ടുണ്ട്. ഈ റോഡിലെ പെരിയ പാലങ്ങളുടെ പുനർനിർമ്മാണത്തിനു വേണ്ടിയുള്ള 50 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് നബാർഡ് ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി, ഡി) ശുപാർശകളൊന്നും ആയിട്ടില്ല. കൊച്ചി നഗര വികസന പദ്ധതിൽപ്പെടുത്തേണ്ട റോഡുകളും മറ്റും കണ്ടെത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള ദർഘാസ് പരിശോധിച്ചുവരുന്നു.

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഓരിക്കടവ് പാലം നിർമ്മാണം

27 [2325] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഓരിക്കടവുപാലം നിർമ്മാണം പുനരാരംഭിക്കുന്നതിനായി പ്രവൃത്തി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചുവെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രവൃത്തി ആരംഭിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ, ബി) ഓരിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്.

മൊടപ്പത്തൂർ-മേലൂർക്കടവ് പാലങ്ങളുടെ നിർമ്മാണം

28 [2326] ശ്രീ. പി. ജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊടപ്പത്തൂർ-മേലൂർക്കടവ് പാലങ്ങളുടെ നിർമ്മാണത്തിനുവേണ്ടി നബാർഡിൽനിന്നും വായ്പ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വായ്പ ലഭിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

സ്റ്റേറ്റ് ഹൈവേ 38

29 [2328] ശ്രീ. പി. ജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly